**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1720** **28-07-2021 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവത്കരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഞ്ചാവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കണ്ടെടുക്കുന്ന കഞ്ചാവ്/ലഹരി വസ്തുക്കൾ എന്നിവയുടെ അളവ് പരിശോധിക്കുമ്പോൾ ഇത്തരം മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതായി കാണുന്നു. |
| (ബി) | കഞ്ചാവ് കൈവശം വയ്ക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | എൻ.ഡി.പി.എസ്. കേസുകളിൽ ഭൂരിഭാഗവും കഞ്ചാവ് കണ്ടെത്തലുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവയാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നത് എൻ.ഡി.പി.എസ്. ആക്റ്റ് സെക്ഷൻ 20(b)(ii)A പ്രകാരം ജാമ്യം ലഭിക്കാവുന്ന കുറ്റമാണ്. ഒരു കിലോഗ്രാമിൽ താഴെയുള്ള കഞ്ചാവ് 'small quantity' ആയാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. എൻ.ഡി.പി.എസ്. നിയമം കേന്ദ്ര നിയമമായതിനാൽ, എൻ.ഡി.പി.എസ്. നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ലഹരി മരുന്നുകളുടെ 'Small Quantity, Medium Quantity, Commercial Quantity' അളവുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി കേന്ദ്ര റവന്യൂ സെക്രട്ടറി, നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഡയറക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികളും യുവാക്കളും ലഹരിമരുന്നിന് അടിമപ്പെടുന്നത് നിരുത്സാഹപ്പെടുത്താൻ ഏതെല്ലാം രീതിയിലുള്ള ബോധവത്കരണ പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ? | (സി) | ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ് സ്കൂൾ വിദ്യാർത്ഥികൾക്കും യുവാക്കൾക്കും പകർന്ന് നൽകി അവർക്കിടയിലെ ലഹരി ഉപയോഗത്തിനെതിരെ സാമൂഹിക കൂട്ടായ്മ വളർത്തിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തി വരുന്നു. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും, സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും രൂപീകരിച്ച്, പി.റ്റി.എ., സ്കൂൾ ഡെവലപ്പ്മെൻറ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും, മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ ഉൾപ്പെടെ വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ ശ്രദ്ധ ക്രിയാത്മകമായ പ്രവൃത്തികളിലേക്ക് തിരിച്ചുവിടുന്നതിന് വിദ്യാർത്ഥികൾക്ക് വിവിധ കലാകായിക ഇനങ്ങളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ 'ഉണർവ്വ്' എന്ന പേരിൽ പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആദിവാസി/ തീരദേശമേഖലകളിൽ അധിവസിക്കുന്ന യുവാക്കൾ ലഹരി മരുന്നിന് അടിമപ്പെടുന്നത് തടയുന്നതിനായി പ്രസ്തുത മേഖലകളിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പുറമെ കായിക മത്സരങ്ങൾ, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, ബോധവൽക്കരണ കൗൺസിലിംഗ് എന്നിവ സംഘടിപ്പിച്ച് വരുന്നു. കൂടാതെ പ്രസ്തുത മേഖലകളിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ശക്തമായി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ